## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2721** **13.03.2020 -ൽ മറുപടിയ്ക്ക്**

## വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി.ടി.ബൽറാം** | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന അക്കാഡമിക് പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; | എ) ഭൗതിക സാഹചര്യം വികസിപ്പിക്കുന്നതോടൊപ്പം സ്കൂളുകളിലെ പഠന-ബോധന നിലവാരവും ഉയർത്തുന്നതിന് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പഠനം വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമാക്കുന്നതിന് ' സമഗ്ര ' എന്ന പ്രത്യേക വെബ് പോർട്ടൽ വികസിപ്പിച്ച് ഡിജിറ്റൽ വിഭാഗങ്ങൾ 'അപ് ലോഡ് ' ചെയ്തിട്ടുണ്ട്. ഇത് പഠനം കൂടുതൽ ഫലപ്രദമാക്കാൻ സഹായകമാണ് . കൂടാതെ പാഠപുസ്തകങ്ങളിൽ ക്യൂ.ആർ. കോഡ് ഉൾചേർത്ത് പാഠഭാഗങ്ങളെ ഡിജിറ്റൽ വിഭവങ്ങളുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഇത് സ്വയം പഠനത്തേയും പ്രോത്സാഹിപ്പിക്കുന്നു. 8,9,10 ക്ലാസുകളിലെ പാഠപുസ്തകങ്ങൾ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്കിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നൈപുണികളുമായി ഉദ്ഗ്രഥിച്ച് ഉൾചേർത്തിട്ടുണ്ട്. കൂടാതെ പഠന പരിപോഷണ പരിപാടികളായ നമാറ്റ്സ്, സ്റ്റെപ്പ്സ്, മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി, സംസ്കൃത മാധുരി, അഹ് ലൻ അറബിക്, പ്യാരി ഉറുദു തുടങ്ങിയ പ്രത്യേക പരിപാടികൾ പഠന-ബോധന നിലവാരം ലക്ഷ്യമാക്കി രൂപീകരിച്ചിട്ടുള്ളതാണ്. |
| ബി) പ്രൈമറി വിഭാഗം വിദ്യാലയങ്ങളെ ഹൈടെക് ആക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | ബി) പ്രൈമറി വിഭാഗം വിദ്യാലയങ്ങളിലും ഹൈടെക് സംവിധാനങ്ങളുടെ പ്രയോജനം ഉറപ്പുവരുത്തുന്നതിനായി 9941 സ്കൂളുകൾക്കുള്ള ഐ.ടി ഉപകരണ വിതരണം |

പൂർത്തിയാക്കി. ഒന്നാം ഘട്ടത്തിൽ ഉൾപ്പെടാതിരുന്ന 1331 പ്രൈമറി വിഭാഗം വിദ്യാലയങ്ങളിലേയ്ക്കുള്ള ഉപകരണങ്ങൾ മാർച്ച് മാസത്തോടെ വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

സി) ഭാഷാ വികസനത്തിനും പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ മുൻനിരയിലേയ്ക്ക് കൊണ്ട് വരുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ;

സി) പൊതുവിദ്യാഭ്യാസ മേഖലയിൽ കുട്ടികളുടെ ഭാഷാപരവും ഗണിതപരവും ശാസ്ത്രപരവും ഉൾപ്പെടെ ശേഷികൾ വികസിപ്പിക്കുന്നതിന് വിവിധങ്ങളായ പരിപാടികൾ എസ്.എസ്.കെ.,എസ്.സി.ഇ.ആർ.ടി എന്നീ സ്ഥാപനങ്ങൾ സംയുക്തമായി നടപ്പാക്കിയിട്ടുണ്ട്. ഭാഷാപഠനം കൂടുതൽ ഫലപ്രദമാക്കുന്നതിന് ' മലയാളത്തിളക്കം,' 'ഹലോ ഇംഗ്ലീഷ്' , ' സുരലിഹിന്ദി ' , ' അഹ് ലൻ അറബിക് ' , ' പ്യാരി ഉറുദു ', ' സംസ്കൃതമാധുരി ' എന്നീ സവിശേഷ പദ്ധതികൾ ഗവേഷണാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് നടത്തുന്ന ' ശ്രദ്ധ ' എന്ന സവിശേഷ പരിപാടി, ശാസ്ത്രരംഗം, മെന്ററിംഗ് എന്നിവ പഠനം ഉറപ്പാക്കുന്നതിനും, പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിലും ലക്ഷ്യമിട്ടിട്ടുള്ളതാണ്.

ഡി) വിദ്യാലയ പ്രവർത്തനങ്ങളിൽ പൊതു സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തി അതിലൂടെ വിദ്യാലയങ്ങളുടെ അഭിവൃദ്ധിക്ക് ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഡി) ആവിഷ്കരിക്കുന്നതാണ്. കൂടുതൽ പൊതുജന പങ്കാളിത്തത്തോടെ വിവിധ പദ്ധതികൾ പൊതുവിദ്യാഭ്യാസ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ